DESPATCHED On 3/2/2022

07/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 167*(7)/2015*/എസ്.ഐ.സി.**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1089** /എസ്.ഐ.സി-ജി 6/2015)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രവി സി,
5/319(1),
ഈഴവള്ളം, ദുർഗ്ഗാ ലെയിൻ,
പുത്തൂർ, പാലക്കാട് – 1.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി തഹസിൽദാർ,
   താലൂക്കാഫീസ്, പാലക്കാട്.
2. അപ്പീൽ അധികാരി &
   റവന്യൂ ഡിവിഷണൽ ഓഫീസർ,
   റവന്യൂ ഡിവിഷണൽ ഓഫീസർ,
   പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.09.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 08.01.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.01.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.01.2015 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2021 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രവി സി, 17.01.2015 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 21.01.2015 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 167(7)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും, മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 25.09.2014 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് റിക്കാർഡു പ്രകാരം റീസർവ്വെ-431 (പുത്തൂർ, പാലക്കാട് 2 വില്ലേജ്) മുനിസ്സിപ്പാലിറ്റി വാർഡ്-2, ബ്ലോക്ക്-9 വിസ്തീർണ്ണം 0.0223 ഹെക്ടർ തണ്ടപ്പേർ ഇല്ല മലമ്പുഴ 100 അടി പാതക്ക് വേണ്ടി എടുത്ത സ്ഥലത്തിന്റെ റീ സർവ്വെ നമ്പർ 431 എന്നാണെങ്കിൽ എങ്കിൽ പ്രസ്തുത നമ്പറിൽ ബാക്കി സ്ഥലം ഉണ്ടോ എന്നും പാലക്കാട് കോടതിയിൽ OS 72/2012-ാം നമ്പറായുള്ള കേസ്സുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് വേണ്ടിയാണെന്നുമാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 14.10.2014-ന് ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 10.11.2014 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പടി അപ്പീൽ ഹർജിക്ക് രണ്ടാം എതിർകക്ഷി 08.01.2015-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 25/02/2015 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ റോഡിനു വേണ്ടി ഏറ്റെടുത്ത സ്ഥലം സംബന്ധിച്ച് ഒന്നാം എതിർകക്ഷിക്ക് നൽകിയ അപേക്ഷയിന്മേൽ മറുപടി ലഭിച്ചില്ലെന്നു കാണിച്ച് ടി കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയത് സംബന്ധിച്ച് ഒന്നാം എതിർകക്ഷിയോട് ഫയൽ ആവശ്യപ്പെടുകയും ചെയ്തിരുന്നെന്നുമാണ്.

ടി നിർദ്ദേശ പ്രകാരം ഒന്നാം എതിർകക്ഷി സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി, ടി കാര്യാലയത്തിൽ 27/09/2014 തിയ്യതി ലഭിച്ച അപേക്ഷ വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം നടപടി സ്വീകരിക്കുന്നതിന് 15.10.2014-ാം തീയതി പാലക്കാട് ടൗൺ സർവ്വേയർക്ക് കൈമാറിയതായും ടി വിവരം കക്ഷിയെ അറിയിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ 6(3) പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനും, ഉടൻ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ നൽകുന്നതിന് പാലക്കാട് ടൗൺ സർവ്വേയർക്ക് നിർദ്ദേശം നൽകിയെന്നും ജി-6274/14 തീയതി 08/01/2015-ലെ നടപടി പ്രകാരം അപ്പീൽ തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷികളെ കേട്ടതിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരത്തിനു വ്യക്തമായ മറുപടി രണ്ടാഴ്ച്ചയ്ക്കകം അയച്ചു കൊടുക്കണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിലേക്ക് അയച്ചു നൽകണമെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം **2022 ജനുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.**

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV